61/Est/2018

# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

**ഹാജർ - ശ്രീ. പി. ആർ. സജികുമാർ**

വിഷയം:- തസ്വഭവ – സാങ്കേതിക വിഭാഗം – മൂന്നാംതരം ഓവർസിയർമാരുടെ നിയമനം - പ്രവേശന കാലാവധി – സംബന്ധിച്ച്

പരാമർശം: - 1) ഈ കാര്യാലയത്തിലെ ഇതേ നമ്പർ നിയമന ഉത്തരവ്
2) 15.02.2018 മുതൽ 20.02.2018 വരെ ഈ കാര്യാലയത്തിൽ നടക്കുന്ന രേഖാ പരിശോധന

**ഉത്തരവ് നം. ഇ-6/6400/2009/സിഇ/തസ്വഭവ തീയതി. 15.02.2018**

സൂചന പ്രകാരം ഈ കാര്യാലയത്തിൽ രേഖാപരിശോധനയ്ക്ക് ഹാജരായി നിയമന ഉത്തരവ് കൈപ്പറ്റിയ ഉദ്യോഗാർത്ഥികൾ തങ്ങൾക്ക് നിയമനം ലഭിച്ചിട്ടുള്ള കാര്യാലയങ്ങളിൽ ടി ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ 3 പ്രവൃത്തി ദിവസത്തിനകം ജോലിയിൽ പ്രവേശിക്കുന്നവർക്ക് രേഖാപരിശോധനയ്ക്ക് ഹാജരായ തീയതി മുതൽ നിയമാനുസൃതമായ എല്ലാ ആനുകൂല്യങ്ങളും നൽകേണ്ടതും, എന്നാൽ നിലവിൽ മറ്റു ജോലികളിൽ തുടരുന്ന ജീവനക്കാർക്ക് ടി വകുപ്പുകളിൽ നിന്നും നിയമാനുസൃതം വിടുതൽ ചെയ്ത് തദ്ദേശസ്വയംഭരണ (സാങ്കേതിക വിഭാഗം) വകുപ്പിൽ ജോയിൻ ചെയ്യാൻ പരമാവധി 15 ദിവസം അനുവദിക്കാവുന്നതും അത്തരം ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുകയുള്ളൂ എന്നും അത് പരിശോധിച്ച് ക്രമപ്പെടുത്തുവാൻ ബന്ധപ്പെട്ട നിയന്ത്രണാധികാരിയെ ഇതിനാൽ ചുമതലപ്പെടുത്തുന്നു.

ചീഫ് എഞ്ചിനീയർ

പകർപ്പ് –

സൂപ്രണ്ടിംഗ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ /
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

എസ്.എ